ഭൂമിയുടെ വിലവർദ്ധനവുമൂലം ചെറിയ ചെറിയ പ്ലോട്ടുകൾ തിരിച്ച് കൂടുതലായി കെട്ടിടം കെട്ടിയപ്പോൾ ജനങ്ങൾക്ക് സൗകര്യമില്ലാത്ത സ്ഥിതി വന്നു. കേരളത്തിൽ ഈ നിയമത്തിൽ നിർബന്ധം ഉണ്ടെങ്കിലും ഈ നിയമം കേരള സംസ്ഥാനത്തിൽ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളിലുമുള്ള നിയമമാണ്. കേരള സംസ്ഥാനത്തിൽ ഈ നിയമം വന്നതോടുകൂടി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച രീതിയിലുള്ള ബുദ്ധിമുട്ടുകളെല്ലാം ഗവൺമെൻറ് പരിശോധിക്കുകയും relaxation from the rules കൊടുക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ നിയമത്തിൽ ഭേദഗതി വേണമെന്ന് തോന്നുന്നില്ല.

III. സബ്മിഷൻ

(1) ഇരിങ്ങാലക്കുട ബസ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിലെ ജനങ്ങൾ യാത്രാക്ലേശംകൊണ്ട് പൊറുതിമുട്ടി കഴിയുകയാണ്. മൂന്നരവർഷത്തിനുമുമ്പ് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി രണ്ടര ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക്. സൗജന്യമായി ഏൽപ്പിച്ചുകൊടുക്കുകയും അന്നത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പുതിയ ട്രാൻസ്പോർട്ട് സ്റ്റേഷനു ശിലാസ്ഥാപനം നടത്തുകയും ചെയ്തു. അതോടുകൂടി ആ സർക്കാർ പോവുകയുണ്ടായി. രാഷ്ട്രീയ പ്രേരിതമായി പുതിയ സർവ്വീസുകളും ഷെഡ്യൂളുകളും ആരംഭിക്കാതെ ഇരിങ്ങാലക്കുടയിൽ അടിയന്തിരമായി പുതിയൊരു ബസ് സ്റ്റേഷൻ ആരംഭിക്കണമെന്നഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള ഷെഡ്യൂളുകളെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. അത് പുനരാരംഭിക്കുകയും പുതിയതായി ഇരിങ്ങാലക്കുടയിൽനിന്നും തിരുവനന്തപുരത്തേക്ക് ഒരു സർവ്വീസ് ആരംഭിക്കുകയും ചെയ്യണമെന്ന് ഇത്തരുണത്തിൽ അഭ്യർത്ഥിക്കുകയാണ്. ട്രാൻസ്പോർട്ട് സ്റ്റേഷന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഇരിങ്ങാലക്കുടയിൽ ഒരു ബസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ട്. ഇതിലേക്കായി ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി രണ്ടര ഏക്കർ സ്ഥലവും അതിനാവശ്യമായ കെട്ടിടവും നിർമ്മിച്ചു തരാമെന്ന് കോർപ്പറേഷനോട് പറഞ്ഞുവെങ്കിലും ഇതുവരെ ആ സ്ഥലം മണ്ണിട്ട് നികത്തുകയോ ഡിസൈൻ അനുസരിച്ചുള്ള കെട്ടിടം കെട്ടിത്തരുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ മാർച്ച്മാസത്തിൽ കോർപ്പറേഷൻ അധികൃതരെ അവിടെ അയയ്ക്കുകയും പരിശോധനയിൽ നിന്നും യാതൊരു നടപടിയും മുനിസിപ്പാലിറ്റി എടുത്തിട്ടില്ലെന്ന് അറിയുകയുമുണ്ടായി. ഉടനടി അവിടെ പണി ആരംഭിച്ച് കെട്ടിടം കെട്ടിത്തരാമെന്ന് പറഞ്ഞുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

ബഹുമാനപ്പെട്ട മെമ്പർ എന്റെ ഒരു മുൻഗാമിയാണ്. മൂന്നര വർഷത്തിനുമുമ്പ് ബസ് സ്റ്റേഷൻ തുടങ്ങുന്നതിന് കല്ലിട്ടുവെന്നുള്ള കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. യാതൊരു രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയും പിന്തുടരുന്നതല്ല. ഇരിങ്ങാലക്കുടയിൽ ബസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ടെങ്കിലും 1983-ൽ അഞ്ചേക്കർ സ്ഥലം ഉണ്ടായാൽ മാത്രമേ ബസ് സ്റ്റേഷൻ ആരംഭിക്കാൻ കഴിയൂ എന്ന തീരുമാനം എടുത്തുവെങ്കിലും ബഹുമാനപ്പെട്ട മെമ്പറുടെ താൽപ്പര്യവും ഗവൺമെന്റിന്റെ താൽപ്പര്യവും സംരക്ഷിച്ചുകൊണ്ട് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി രണ്ടര ഏക്കർ സ്ഥലവും ഡിസൈൻ അനുസരിച്ചുള്ള കെട്ടിടവും കെട്ടി ഏൽപ്പിക്കുന്ന മുറയ്ക്ക് ബസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. ഇരിങ്ങാലക്കുട —തിരുവനന്തപുരം ബസ് സർവ്വീസ് ആരംഭിക്കണമെന്ന് അദ്ദേഹം വളരെ നാളുകളായി പറയുകയാണ്. അദ്ദേഹത്തിന് കാര്യങ്ങളൊക്കെ നല്ലതുപോലെ അറിയാം. ബസ്സിന്റെ ലഭ്യതയുണ്ടാകുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

(2) മുടക്കിത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ്

ശ്രീ. ബെന്നി ബഹനാൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിനേയും രാമമംഗലം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന മുടക്കിത്തോട് പാലം ശ്രീ. പങ്കജാക്ഷൻ പൊതുമരാമത്തു വകുപ്പു മന്ത്രിയായിരുന്നപ്പോൾ പണി ആരംഭിക്കുകയും അന്നത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തതാണ്. ഇന്ന് ആ പാലത്തിന്റെ പണി പൂർത്തീകരിച്ചുവെങ്കിലും രണ്ടു പ്രധാനപ്പെട്ട പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ പണി വീണ്ടും ഏറ്റെടുത്ത് നടത്താൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറല്ല എന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധയിൽ നിരന്തരമായി ഈ കാര്യം പെടുത്തിയിട്ടുണ്ട്. ഇന്ന് മുടക്കിത്തോട് പാലം അതിന്റെ പേര് അന്വർത്ഥമാക്കി വഴിമുടക്കിയായി നിൽക്കുകയാണ്. അതുകൊണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഈ ജോലി ഏറ്റെടുത്തു നടത്താൻ സാധിക്കുകയില്ലെങ്കിൽ എത്രയും വേഗം ഈ ജോലി അവരിൽനിന്ന് വിടുവിച്ച് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണം. ഒരു പുതിയ റോഡ് എന്ന നിലയിലല്ല വർഷങ്ങൾക്കുമുമ്പ് പണി ഏറ്റെടുത്ത അപ്രോച്ച് റോഡിന്റെ പണിമാത്രം കിടക്കുന്നു. ഇത് റീ—ടെൻഡർ ചെയ്ത് പണി പൂർത്തീകരിച്ച് രണ്ടുപഞ്ചായത്തിനും യാത്രായോഗ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1979-ൽ അനുമതി നൽകിയ പാലം 1981—82-ൽ പൂർത്തിയായിട്ടുണ്ട്. രണ്ടുറോഡുകളും ഉൾപ്പെടെയുള്ളത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചതായിരുന്നു. അവർ പാലത്തിന്റെ പണി പൂർത്തിയാക്കി റോഡിന്റെ വർക്കിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇതിനെപ്പറ്റി ആലോചിച്ച് വർക്ക് ഒഴിവാക്കാൻ നിർദ്ദേശം നൽകിയെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾമൂലം പൂർണ്ണമായി ഒഴിവാക്കിയതായി വിവരം ലഭിച്ചിട്ടില്ല. ഏകദേശം 6 (ആറ്) ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള

LIBRARY ARCHIVES Kerala Legislative Assembly